4.	ആലപ്പുഴ	8425	22610	758
5.	കോട്ടയം	2992	13260	1508
6.	ഇടുക്കി	3112	595	2246
7.	എറണാകുളം	4873	66775	6478
8.	തൃശ്ശൂർ	5668	7480	406
9.	പാലക്കാട്	15636	77138	1827
10.	മലപ്പുറം	2256	1220	250
11.	കോഴിക്കോട്	1810	500	2247
12.	വയനാട്	788	34940	405
13.	കണ്ണൂർ	3592	38360	1711
14.	കാസർകോഡ്	1041	9410	3792

(ബി) അനധികൃത മദ്യനിർമ്മാണം, വില്പന, കടത്ത്, ശേഖരം എന്നിവ കണ്ടെത്തി നശിപ്പിക്കുന്നതിന്, പരമാവധി കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കള്ളു ഷാപ്പുകൾ, എഫ്.എൽ.1 ഷോപ്പുകൾ, എഫ്.എൽ.3 ബാറുകൾ എന്നിവയുടെ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. മായം കലർത്തിയ മദ്യം കള്ളുഷാപ്പുകളിലൂടെ വില്ക്കുന്നത് അനുവദിക്കുന്നതല്ല. നിരന്തര പരിശോധന നടത്തുവാനും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മുഴുവൻസമയ റോഡ് പട്രോളിംഗ് നടത്തുകയും സംശയമുള്ള വാഹനങ്ങൾ പരിശോധിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ എ.ഇ.ബി. ഓഫീസുകളിലും കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. റെയ്ഡ് സംബന്ധമായ വിവരങ്ങൾ എല്ലാ ദിവസവും പോലീസ് ഉദ്യോഗസ്ഥൻമാർ ഡി.ജി.പി.യ്ക്കും എക്സൈസ് ഉദ്യോഗസ്ഥൻമാർ, കമ്മീഷണർക്കും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

എക്സൈസ് റെയിഡുകൾ

63 (396) ശ്രീ. ടി.എം. ജേക്കബ്ബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് ഡിപ്പാർട്ടുമെന്റ് നടത്തിയ റെയിഡിനെ സംബന്ധിച്ചും പിടിച്ചെടുത്ത വാറ്റ്, സ്പിരിറ്റ്, വ്യാജമദ്യം എന്നിവയെ സംബന്ധിച്ചുമുള്ള റെയിഞ്ചടിസ്ഥാനത്തിലെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(സി) എത്രയെണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ഡി) ചാർജ്ജ് ചെയ്ത കേസുകളിലെ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഇ) ഇതിൽ കള്ളിൽ മായംചേർത്ത എത്ര കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കള്ളിലും ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിലും കലർത്തിയിട്ടുള്ള വിഷാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പുതിയ ഡിസ്റ്റിലറികൾ

64 (397) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ഡിസംബർ 31-നുശേഷം സംസ്ഥാനത്ത് എത്ര പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചു;

(ബി) ഈ ഡിസ്റ്റിലറികൾ അനുവദിക്കുന്ന സമയത്ത് പുതിയ ഡിസ്റ്റിലറികൾ സ്ഥാപിക്കാൻ ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനം നിലവിലുണ്ടായിരുന്നുവോ;

(സി) എങ്കിൽ ഈ തീരുമാനം പിൻവലിക്കാതെയാണോ പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചത്;

(ഡി) പുതിയ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിരുന്ന ആരെയെങ്കിലും പുതിയ ഡിസ്റ്റിലറികൾ സ്ഥാപിക്കാൻ ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനം നിലവിലുണ്ടെന്ന് 1999 ഫ്രെബ്രുവരിയിൽ അറിയിച്ചിരുന്നുവോ;

(ഇ) തിരുവനന്തപുരം പ്രാവച്ചമ്പലം എസ്. ആർ ഡിസ്റ്റിലറി ഉടമ പി.എസ്.ബിനുകല പുതിയ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്ത് അനുവാദത്തിനായി അപേക്ഷിച്ചിരുന്നുവോ; ഈ അപേക്ഷയിൽമേൽ എന്തു തീരുമാനമെടുത്തു; ഈ തീരുമാനം കക്ഷിയെ അറിയിച്ചിരുന്നുവോ; എങ്കിൽ എന്നാണ് അവരെ അറിയിച്ചത്?

ഉത്തരം

(എ) 1998 ഡിസംബർ 31-നുശേഷം ഡിസ്റ്റിലറികൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി)&(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) പുതിയ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിരുന്നില്ല.

വ്യാജമദ്യദുരന്തത്തിലെ പങ്കാളികൾ

65 (399) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യദുരന്തത്തിന്റെ കാരണം അന്വേഷിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly